(ബി) സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ബൃഹത്തായ ഈ വിദ്യാർത്ഥിക്ഷേമ പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിലെ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകി മേഖലയിലെ വിവേചനം അവസാനിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്.

(സി) യൂണിഫോം പദ്ധതിക്കായി 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) അടിയന്തരമായി യൂണിഫോം വിതരണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം

29 (2500) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ സ്കൂൾ പ്രവർത്തിദിനം ദിവസം 200/രൂപ നിരക്കിലും 150-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപക്കുപുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ വീതം നൽകി വരുന്നു. നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകൾ

30 (T2501) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ അഡ്വൈസ് ചെയ്ത 80-ൽ പരം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly